ശ്രീ. കെ. കരുണാകരൻ: നിശ്ചിത പീരിയഡ് കഴിഞ്ഞാൽ കിട്ടും. അതിന് പുറമെ മരണം സംഭവിച്ചാൽ അല്ലെങ്കിൽ മക്കളുടെ കല്ല്യാണം വന്നാൽ ഇതിനൊക്കെ കൊടുക്കുന്നുണ്ട്. ആ കാര്യത്തിൽ വളരെ ലിബറലാണ്.

കേരളത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ

* 204 [236] ശ്രീ. കോട്ടക്കുഴി സുകുമാരൻ:
,, വി. വി. ജോസഫ്:
,, പി. സി. ജോർജ്: താഴെ ക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര വിനോദ സഞ്ചാരകേന്ദ്രങ്ങൾ ഉണ്ട്;

(ബി) ഏതെല്ലാം;

(സി) ഇവയുടെ വികസനത്തിനുവേണ്ടി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ, ബി) ഒരു പ്രദേശത്തേയും വിനോദസഞ്ചാര കേന്ദ്രമാക്കി പ്രഖ്യാപിക്കുന്ന പതിവില്ല. വിനോദസഞ്ചാരികളെ ആകർഷിക്കുന്ന പ്രധാന സ്ഥലങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് രണ്ടു ട്രാവൽ സർക്യൂട്ടുകൾക്ക് രൂപം നൽകിയിട്ടുണ്ട്. അവ താഴെ പറയുന്നു:

ദക്ഷിണമേഖല

തിരുവനന്തപുരം (വേളി, കോവളം)—പൊൻമുടി വർക്കല—കൊല്ലം—ആറൻമുള—കോട്ടയം—കുമരകം, തേക്കടി—മൂന്നാർ—കൊച്ചി

ഉത്തരമേഖല

തൃശ്ശൂർ—ഗുരുവായൂർ—ചെറുതുരുത്തി—മലമ്പുഴ— കോട്ടയ്ക്കൽ—കോഴിക്കോട്—സുൽത്താൻബത്തേരി—കണ്ണൂർ—

(സി) വിനോദസഞ്ചാരികൾക്ക് ഭക്ഷണം, താമസസൗകര്യം, യാത്രാസൗകര്യം എന്നിവയ്ക്ക് പുറമെ പ്രകൃതിസൗന്ദര്യം ആസ്വദിക്കാനും വന്യമൃഗങ്ങളെ അടുത്തു കാണുന്നതിനും ജലക്രീഡയ്ക്കും മറ്റു വിനോദങ്ങളിൽ ഏർപ്പെടുന്നതിനും ഉള്ള സൗകര്യങ്ങൾ പരമാവധി ലഭിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി ഗസ്റ്റ് ഹൗസുകൾ, ഡോർമിറ്ററികൾ, മോട്ടലുകൾ തുടങ്ങിയവ നിർമ്മിക്കുകയാണ് പ്രധാന പദ്ധതി. കോവളത്ത് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ വാട്ടർ സ്പോർട്സ് ഏർപ്പെടുത്തുവാൻ പരിപാടിയുണ്ട്. കൊല്ലം, കുമരകം, കൊച്ചി ഇവ ബന്ധപ്പെടുത്തി ബോട്ട് സർവ്വീസ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു. തേക്കടിയിലും മലമ്പുഴയിലും കൂടുതൽ ബോട്ടുകൾ ഏർപ്പെടുത്തുന്നതാണ്. വേളി ഒരു വിശ്രമ വിനോദസങ്കേതമായി വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോട്ടക്കുഴി സുകുമാരൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വളരെയേറെ സ്ഥലങ്ങൾ വായിച്ചു: കേരളത്തിലെ ശാസ്താംകോട്ട എന്ന സ്ഥലം ലോകത്തെ രണ്ടാമത്തെ മതസമ്മേളനത്തിനുവേണ്ടി തെരഞ്ഞെടുത്ത സ്ഥലമാണ്. തൊള്ളായിരം ഏക്കർ വിസ്തീർണ്ണമുള്ള ശാസ്താംകോട്ട കായലും കരഭാഗവും ഉൾപ്പെടുത്തി ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി പ്രഖ്യാപിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: കേരളം മൊത്തത്തിൽ പ്രകൃതിരമണീയമാണ്. ശാസ്താംകോട്ട പോലെ നിരവധി സ്ഥലങ്ങളുള്ള കേരളത്തിൽ ഒരു പ്രത്യേകസ്ഥലം എടുത്തു പറയുന്നതിന് കഴിയുകയില്ല. ഏതിടെയാണ് കൂടുതൽ സൗകര്യങ്ങൾ ഉള്ളത് ആ അടിസ്ഥാനത്തിൽ പരിശോധിച്ചു വരുകയാണ്.

ശ്രീ. കോട്ടക്കുഴി സുകുമാരൻ: ആലപ്പുഴയിൽ പാതിരാമണൽ എന്നു പറയുന്ന സ്ഥലം വിനോദസഞ്ചാര കേന്ദ്രങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: അവിടെ ഒരു സ്കീം തയ്യാറാക്കിയിട്ടുണ്ട്. പക്ഷേ കേന്ദ്ര ടൂറിസ്റ്റ് വികസന വകുപ്പ് അതുസംബന്ധിച്ച് പ്രായോഗികമായ ചില ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അവ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. വി. ജോസഫ്: കേരളത്തിലേക്ക് കടന്നു വരുന്ന വിനോദസഞ്ചാരികൾക്ക് വിനോദ സഞ്ചാരകേന്ദ്രങ്ങളെപ്പറ്റി ശരിയായ അറിവില്ലാതിരിക്കുക, ആ കേന്ദ്രങ്ങളിൽ ശരിയായ യാത്രാസൗകര്യം ഇല്ലാതിരിക്കുക, വന്നാൽ തന്നെ ചിലവു കുറഞ്ഞ താമസ സൗകര്യം ഇല്ലാതിരിക്കുക തുടങ്ങിയ ബുദ്ധിമുട്ടുകൊണ്ട്, വിനോദസഞ്ചാര കോർപ്പറേഷനും വിനോദ സഞ്ചാരവകുപ്പും കൂടി ഏകോപിച്ച് ടൂറിസ്റ്റ് വികസനം നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ ആവിഷ്കരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: മറ്റു സ്റ്റേറ്റുകളെ അപേക്ഷിച്ച് സഞ്ചാരികൾക്ക് ഇവിടെ താമസസൗകര്യം ഇല്ലെന്നും ചെലവും കൂടുതലാണെന്നും പറയാൻ സാധിക്കുകയില്ല. പക്ഷേ നിർഭാഗ്യവശാൽ കേരളത്തിന്റെ പ്രത്യേകം സാഹചര്യംകൊണ്ട് മറ്റു സ്ഥലങ്ങളിൽ വേണ്ടത്ര പ്രചരിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കുറവുകൾ പരിഹരിക്കുന്നതിനുവേണ്ടി ഈ അടുത്ത കാലത്തായി "യാത്രാനിവാസ്" ഹോസ്റ്റലുകൾ നിർമ്മിക്കുവാൻ ആരംഭിച്ചിട്ടുണ്ട്. താമസസൗകര്യം വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റ് സജീവമായി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. വി. ജോസഫ്: വളരെയധികം സഞ്ചാരികളെ ആകർഷിക്കുന്ന കുമരകം പക്ഷി സങ്കേത കേന്ദ്രത്തിലേക്ക് കോട്ടയത്തു നിന്നുള്ള യാത്രാ സൗകര്യം വളരെ മോശമാണ്. കൊച്ചിയിൽ നിന്നു വരുന്നതിനും നല്ല റോഡില്ല. ഇവിടെ യാത്രാസൗകര്യങ്ങൾ ഉണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. കെ. കരുണാകരൻ: അവിടെ വാട്ടർ ട്രാൻസ്പോർട്ട് ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ആർ. തങ്കരാജ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വായിച്ച ലിസ്റ്റിൽ കോവളം കഴിഞ്ഞാൽ പിന്നെ പൊൻമുടിയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നെയ്യാർഡാം വളരെ പ്രകൃതിരമണീയമായ സ്ഥലമാണ്. ഇപ്പോൾ അവിടെ സഫാരി പാർക്കുമൊക്കെ ഏർപ്പെടുത്തിയിട്ടുണ്ട്. അതിനുപരിയായി അഗസ്ത്യകൂടം വളരെയധികം ഔഷധപ്രാധാന്യമുള്ള സ്ഥലമെന്നു പേരുകേട്ടതുമാണ്. ആ സാഹചര്യങ്ങൾ കണക്കിലെടുത്ത് കോവളം കഴിഞ്ഞാൽ നെയ്യാർഡാമും അതിന്റെ പരിസര പ്രദേശങ്ങളും ടൂറിസ്റ്റുകളെ ആകർഷിക്കത്തക്കവണ്ണം ക്രമീകരിച്ച് അതിൽ ഉൾപ്പെടുത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: നെയ്യാർഡാം ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ഒരു കേന്ദ്രമാണ്. പക്ഷേ ടൂറിസ്റ്റ് കേന്ദ്രമായിട്ട് പ്രവർത്തിക്കുന്നതിനുള്ള നടപടികളൊന്നും ആയിട്ടില്ല. ഏറെറടുത്തിട്ടുള്ള പ്രവർത്തനം പൂർത്തിയാക്കിയതിനുശേഷം കൂടുതൽ സ്ഥലത്തേക്കു വ്യാപിപ്പിച്ചാൽ മതി എന്നാണ് ഗവൺമെന്റ് കരുതുന്നത്. കുറേ സംഖ്യ ചെലവഴിച്ച് ഒന്നും പൂർത്തിയാകാത്ത സമീപനം തുടരാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല.

ശ്രീ. എ. ജോർജ്ജ്: കേരളത്തിലുള്ള ട്രാവൽ ഏജൻസികളും വിദേശത്തുള്ള ട്രാവൽ ഏജൻസികളുമായി അറേഞ്ച് ചെയ്ത് കൺസഷൻ റേറ്റിൽ കേരളത്തിലുള്ള ആളുകളെ വിദേശത്തേക്ക് കൊണ്ടുപോകുന്ന പതിവുണ്ട്. ഇൻഡ്യയിലേക്ക് വിദേശസഞ്ചാരികൾ വരുന്നത് ഇൻഡ്യാ ടൂറിസ്റ്റ് സെൻറർ മുഖാന്തിരമാണ്. അങ്ങനെ വരുന്ന വിനോദ സഞ്ചാരികൾ കാശ്മീരും ഡൽഹിയും മാത്രം കണ്ടു മടങ്ങിപ്പോകുന്ന ഒരു സംവിധാനമാണ് ഇപ്പോൾ ഉള്ളത്. ഡൽഹിയിലും കാശ്മീരിലും വരുന്ന വിനോദസഞ്ചാരികളെ കേരളത്തിൽകൂടി ആകർഷിക്കത്തക്ക രീതിയിലുള്ള കണക്ടഡ് ടൂർ ആവിഷ്ക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ഈ അടുത്ത കാലത്ത് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ടൂറിസം വകുപ്പുമായിട്ട് ബന്ധപ്പെട്ടതിനെത്തുടർന്ന് അതിന്റെ സീനിയർ ഓഫീസേഴ്സ് കേരളത്തിൽ വന്ന് ഇവിടത്തെ ഗവൺമെന്റിന്റെ പ്രതിനിധികളുമായിട്ട് ചർച്ച ചെയ്തിട്ടുണ്ട്. ആ കാര്യത്തിൽ കേരളത്തെ ഉൾപ്പെടുത്തിക്കൊണ്ട് ടൂറിസം വികസിപ്പിക്കുന്നതിന് ഇൻഡ്യാ ഗവൺമെന്റ് ചില നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനും പുറമേ സംസ്ഥാന ഗവൺമെന്റിന്റെ ടൂറിസം വകുപ്പ് മറ്റു ഏജൻസികളുമായി ബന്ധപ്പെട്ട് പ്രെയിൻ ചാർട്ടർ ചെയ്തുകൊണ്ട് വരുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണ്.

ശ്രീ. കെ. ശങ്കരനാരായണപിള്ള: ബഹുമാനപ്പെട്ട പത്തനാപുരം മെമ്പർ പറഞ്ഞതുപോലെ കണക്ടഡ് ടൂറിന്റെ അടിസ്ഥാനത്തിൽ വിദേശികളായ ടൂറിസ്റ്റുകൾ വരുന്നതിനുള്ള ഏറ്റവും വലിയ തടസ്സം നമുക്ക് അന്താരാഷ്ട്രീയ വിമാനത്താവളം ഇല്ലെന്നുള്ളതാണ്. ടൂറിസ്റ്റ് പർപ്പസസ്സിനുവേണ്ടി ഫ്ളൈറ്റുകൾ വരുമ്പോൾ സാധാരണ വിമാന നിരക്കിനേക്കാൾ കുറഞ്ഞ വിമാനനിരക്കാണുള്ളത്. ഇൻറർനാഷണൽ ഫ്ളൈറ്റുകൾ വരുമ്പോൾ ഇവിടെ യാത്രക്കൂലി കൂടുന്നതുകൊണ്ടാണ് ഈ ബുദ്ധിമുട്ട് വരുന്നത്. അതുകൊണ്ട് തിരുവനന്തപുരം വിമാനത്താവളം അന്താരാഷ്ട്രീയ വിമാനത്താവളമാക്കുന്നതിന് ഈ ടൂറിസത്തിന്റെ പശ്ചാത്തലത്തിലെങ്കിലും കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: പ്ലെയിൻ ചാർട്ടർ ചെയ്തു വരുന്നതിന് ഇൻറർനാഷണൽ എയർപോർട്ട് ആകണമെന്നില്ല. നമ്മുടെ എയർപോർട്ടിലും ലാൻറ് ചെയ്യാനുള്ള സംവിധാനമുണ്ട്. ഇവിടത്തെ പ്രശ്നം ടൂറിസ്റ്റ് ഏജൻസികളും ഈ കാര്യത്തിൽ സഹായിക്കണം എന്നുള്ളതാണ്. അതിനുള്ള നടപടികളും സംസ്ഥാന ഗവൺമെൻറ് എടുത്തുവരുന്നുണ്ട്.

ശ്രീ. ജോസ് കുറ്റ്യാനി: കേന്ദ്രഗവൺമെൻറ് ഒരു വന്യമൃഗസംരക്ഷണകേന്ദ്രമായി പ്രഖ്യാപിക്കപ്പെട്ട ഇടുക്കി, ഏറ്റവും വലിയ ജലസംഭരണിയുള്ള ഇടുക്കി പ്രദേശം ടൂറിസ്റ്റ് പ്രദേശമായി ഇവിടെ മുഖ്യമന്ത്രി പ്രഖ്യാപിച്ച ലിസ്റ്റിൽ പെട്ടതായി കാണുന്നില്ല. അതുകൊണ്ട് ഇടുക്കി ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിക്കപ്പെടുന്നതിനും അവിടെ വരുന്ന ടൂറിസ്റ്റുകൾക്ക് താമസിക്കാൻ ആവശ്യമായിട്ടുള്ള സൗകര്യം ഉണ്ടാക്കുന്നതിനും സംസ്ഥാന ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: തേക്കടിയിൽ വരുന്ന ആളുകളെ നമുക്ക് ഇടുക്കിയിലേക്കും കൊണ്ടുപോകാം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: പാലക്കാട് ജില്ലയിൽ നെല്ലിയാംപതിയും പറമ്പിക്കുളവും ചേർന്നുവരുന്ന സ്ഥലത്ത് ഒരു റോഡുണ്ട്. അതൊന്നു സഞ്ചാരയോഗ്യമാക്കിയാൽ ഏറ്റവും നല്ല വിനോദ സഞ്ചാര കേന്ദ്രമാകാനുള്ള സാദ്ധ്യതയുണ്ട്. പറമ്പിക്കുളത്തുള്ള കെട്ടിടങ്ങൾ തമിഴ്നാട് ഗവൺമെൻറിൻെറ കീഴിലാണ്. വനം വകുപ്പും, റവന്യൂ വകുപ്പും ഇറിഗേഷനും കൂടിയുള്ള തർക്കം കൊണ്ട് അവർ തരാമെന്നു പറഞ്ഞതുപോലും കേരള ഗവൺമെൻറ് ഏറെറടുക്കാൻ തയ്യാറായിട്ടില്ല. അത് ഉടൻതന്നെ ഏറെറടുത്ത് ഈ റോഡും ഉപയോഗയോഗ്യമാക്കാനുള്ള തീരുമാനം ഉണ്ടാകുമോ?

ശ്രീ. കെ. കരുണാകരൻ: ടൂറിസ്റ്റ് സെൻററായിട്ട് പ്രഖ്യാപിക്കുന്നതിന് ആവശ്യമായ ഇൻഫ്രാസ്ട്രക്ച്ചർ ആവശ്യമാണ്. ഈ അടുത്തകാലം വരെ തേക്കടിയിലേക്ക് റോഡുവഴി പോകാൻ വലിയ പ്രയാസമായിരുന്നു. ഏതായാലും ആ കാര്യത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവിടെ റോഡ് നല്ല റോഡാക്കി മാറിയിട്ടുണ്ട്. മറ്റു സ്ഥലങ്ങളിലും കഴിയുന്നിടത്തോളം ചെയ്യുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: തമിഴ്നാട് ഗവൺമെൻറിൻെറ കൈവശമുള്ള കെട്ടിടം നമ്മുടെ കൈവശം കിട്ടേണ്ടതാണ്. അത് ഇനിയും കേരള ഗവൺമെൻറ് ഏറെറടുക്കാൻ തയ്യാറായിട്ടില്ല. അതേറെറടുക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: അതെന്താണെന്നു പരിശോധിക്കാം.

ശ്രീ. എ. സി. ജോസ്: കേരളത്തിൽ ഏറ്റവും കൂടുതൽ വികസന സാദ്ധ്യതയുള്ള ടൂറിസം പൂർണ്ണമായി ഒരു വകുപ്പിൻെറ കീഴിൽ ആയിട്ടില്ല. ഇതൊരു ലാഭകരമായ ഏർപ്പാടാക്കി മാറ്റാൻ ശ്രമിക്കണം. അതിൻെറ അടിസ്ഥാനത്തിൽ ടൂറിസം ഒരു വ്യവസായമായി പ്രഖ്യാപിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: അക്കാര്യം ഗവൺമെൻറിൻെറ സജീവ പരിഗണനയിലാണ്. അടുത്തുതന്നെ അതിനുള്ള തീരുമാനമുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ: കാശ്മീർ പോലെയുള്ള സംസ്ഥാനങ്ങളുടെ വരുമാനത്തിന്റെ സിംഹഭാഗവും ടൂറിസ്റ്റുകളിൽ നിന്നാണ് ലഭിക്കുന്നത്. അത് ആരുടെയും കുറ്റംകൊണ്ടല്ല. - നമ്മുടെ സംസ്ഥാനത്ത് ഇതുവരെ ഗൗരവതരമായിട്ട് അതിനുവേണ്ടി പരിശ്രമിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഗവൺമെന്റ് ദയവുചെയ്ത് വളരെ വിശദമായ പഠനം നടത്തിയിട്ട് സംസ്ഥാനത്ത് ഇതെന്തുമാത്രം വികസിപ്പിക്കാൻ കഴിയും എന്നുള്ളത് മനസ്സിലാക്കണം. ഇത് സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനും സഹായിക്കും. അതുകൊണ്ട് ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ വളരെ സീരിയസ്സായിട്ട് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. എം. ഹസ്സൻ: കേരളത്തിന്റെ പ്രത്യേകതകളായ കള്ള്, കപ്പ, കരിമീൻ, കരിക്ക് മുതലായവ സ്വദേശ ടൂറിസ്റ്റുകൾ കൂടുതൽ ഉപയോഗിക്കാതെ വിദേശ ടൂറിസ്റ്റുകൾക്ക് നൽകാൻ എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഏർപ്പാട് ചെയ്യുമോ?

ശ്രീ. കെ. കരുണാകരൻ: വിദേശ സഞ്ചാരികൾക്ക് ആകർഷകമായ ക്ഷേണവും പാനീയങ്ങളും കൊടുക്കുന്നതിനാവശ്യമായ നടപടികൾ ഈ സർക്കാരിന്റെ പൊതുവായ നയത്തിന് അനുയോജ്യമായ നിലയിൽ സ്വീകരിക്കുന്നതാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ദേവസ്വം ബോർഡ് ജീവനക്കാർ

* 205 [237] ശ്രീ. എ. വി. താമരാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രജീവനക്കാരുടെ ആവശ്യങ്ങൾ സംബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് യൂണിയൻ എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നിവേദനത്തിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആവശ്യങ്ങൾ സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം):

(എ) ഉണ്ട്.

(ബി) (1) സർവ്വീസിലിരിക്കെ മരിച്ചുപോയ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുക.

(2) പഞ്ചവാദ്യം, കഴകം, തളി എന്നീ വിഭാഗക്കാരുടെ ലീവ് ഒഴിവുകളിൽ ജോലി ചെയ്യുന്നവരുടെ വേതനം.

LIBRARY ARCHIVES Kerala Legislative Assembly